ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.07.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഹരിയാന, ചണ്ഡീഗഢ്, പഞ്ചാബ് സന്ദർശനത്തിന് നാളെ തുടക്കം. രാജ്യത്തെ ആദ്യ ഹൈഡ്രജൻ ട്രെയിൻ സർവീസ് പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും.

   **Prime Minister Narendra Modi will visit Haryana, Chandigarh and Punjab tomorrow. The Prime Minister will flag off India's first Hydrogen train.**

2. വ്യാപാരം, പ്രതിരോധം, ഹരിത ഊർജ്ജം തുടങ്ങിയ മേഖലകളിൽ സഹകരണം ശക്തമാക്കാൻ ഇന്ത്യയും-ബെൽജിയവും തമ്മിൽ ധാരണ.

   **India and Belgium have agreed to strengthen cooperation in areas such as trade, defense and green energy.**

3. ഇന്ത്യ - യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ ഇരുപക്ഷത്തിനും ഗുണം ചെയ്യുന്ന സന്തുലിതമായ കരാറെന്ന് കേന്ദ്ര മന്ത്രി പിയുഷ് ഗോയൽ.

   **Union Minister Piyush Goyal says the India-EU Free Trade Agreement is a balanced agreement that benefits both sides.**

4. കേരളത്തിലെ ചരക്ക് ഗതാഗതം കടൽ മാർഗ്ഗമാക്കിയാൽ ചെലവ് നാലിലൊന്നായി കുറയ്ക്കാൻ സാധിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.

Chief Minister V.D Satheesan says that if goods transport in Kerala is made through sea, the cost can be reduced by one-fourth.

5. ട്രെയിൻ ടിക്കറ്റ് ബുക്കിംഗ് ലളിതമാക്കുന്നതിനായി **IRCTC** വെബ്സൈറ്റിന്റെ പുതിയ ബീറ്റാ പതിപ്പ് പുറത്തിറക്കി റെയിൽവേ മന്ത്രാലയം.

   Railway Ministry has launched a new beta version of IRCTC website to make train ticket booking simpler and more user-friendly.

6. ലോകകപ്പ് ഫുട്ബോളിൽ ഇംഗ്ലണ്ടിനെ പരാജയപ്പെടുത്തി അർജന്റീന ഫൈനലിൽ.

   In the World Cup football, Argentina defeated England and clashed into the final.

## PM-HARYANA PUNJAB (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഹരിയാന, ചണ്ഡീഗഢ്, പഞ്ചാബ് എന്നിവിടങ്ങളിൽ സന്ദർശനം നടത്തും. വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിക്കും.

വിശദാംശങ്ങളിലേക്ക്..........
(വോയിസ്...)

## PM-HARYANA PUNJAB (VOICE)

ഹരിയാനയിലെ ജിന്ദിൽ രാജ്യത്തെ ആദ്യത്തെ ഹൈഡ്രജൻ ട്രെയിൻ സർവീസ് പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും. ജിന്ദ്-സോനിപത് പാത യിലാണ് ട്രെയിൻ സർവീസ് നടത്തുക. തുടർന്ന് ഏകദേശം 14,700 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾ അദ്ദേഹം രാഷ്ട്രത്തിന് സമർപ്പിക്കും. ഉച്ചകഴിഞ്ഞ് ചണ്ഡീഗഢ് സന്ദർശിക്കുന്ന പ്രധാനമന്ത്രി 6,600 കോടിയി ലധികം രൂപയുടെ വിവിധ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യും. പഞ്ചാബിലെ ജലന്ധറിൽ അയ്യായിരത്തി നാനൂറ്റി എഴുപതിലധികം കോടി രൂപയുടെ പദ്ധതികളും ശ്രീ മോദി നാടിന് സമർപ്പിക്കും. അമൃത് ഭാരത്

സ്റ്റേഷൻ പദ്ധതിക്ക് കീഴിൽ പുനർവികസിപ്പിച്ച 75 റെയിൽവേ സ്റ്റേഷനുകളുടെ ഉദ്ഘാടനവും പ്രധാനമന്ത്രി നിർവ്വഹിക്കും.

ന്യൂസ്‌ഡെസ്ക് ആകാശവാണി.....

## INDIA – BELGIUM

വ്യാപാരം, നിക്ഷേപം, പ്രതിരോധം, ഹരിത ഊർജ്ജം തുടങ്ങിയ മേഖലകളിൽ സഹകരണം ശക്തമാക്കാൻ ഇന്ത്യയും-ബെൽജിയവും തമ്മിൽ ധാരണയായി. ഇന്നലെ ബ്രസ്സൽസിൽ നടന്ന ഇന്ത്യ-ബെൽജിയം തന്ത്രപ്രധാന ചർച്ചയുടെ ആദ്യ യോഗത്തിലാണ് തീരുമാനം. വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കറും ബെൽജിയം ഉപപ്രധാനമന്ത്രി മാക്സിം പ്രെവോട്ടും ചർച്ചയ്ക്ക് സംയുക്തമായി അധ്യക്ഷത വഹിച്ചു. ചർച്ചയുടെ ഭാഗമായി ഫെഡറേഷൻ ഓഫ് ബെൽജിയൻ എന്റർപ്രൈസസിൽ ഇന്ത്യ-ഇ.യു ബിസിനസ് ഫോറവും സംഘടിപ്പിച്ചു.

## PIYUSH GOYAL

ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള സ്വതന്ത്ര വ്യാപാര കരാർ ഇരുപക്ഷത്തിനും ഒരുപോലെ ഗുണകരമാണെന്ന് കേന്ദ്ര മന്ത്രി പീയൂഷ് ഗോയൽ. എല്ലാ മേഖലകൾക്കും വൻ മുന്നേറ്റം നൽകുന്ന, സന്തുലിതമായ കരാറാണിതെന്ന് ബ്രസ്സൽസിൽ നടന്ന ഇന്ത്യ -EU വ്യാപാര സാങ്കേതിക കൌൺസിൽ യോഗത്തിനു ശേഷം അദ്ദേഹം വ്യക്തമാക്കി. വൈവിധ്യപൂർണ്ണവുമായ വിതരണ ശൃംഖലകൾ കെട്ടിപ്പടുക്കാനും ഇന്ത്യയും യൂറോപ്യൻ യൂണിയനും പ്രതിജ്ഞാബദ്ധരാണെന്നും ശ്രീ പീയൂഷ് ഗോയൽ കൂട്ടിച്ചേർത്തു.

## INDIA-EU-TCC

ഇന്ത്യ-യൂറോപ്യൻ യൂണിയൻ വ്യാപാര സാങ്കേതിക കൗൺസിൽ യോഗം, ഇന്ത്യ-ഇ.യു സ്വതന്ത്ര വ്യാപാര കരാർ മെച്ചപ്പെടുത്താൻ സഹായകമാകുമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. ബ്രസ്സൽസിൽ നടന്ന മൂന്നാമത്തെ ഇന്ത്യ-യൂറോപ്യൻ യൂണിയൻ വ്യാപാര സാങ്കേതിക കൗൺസിൽ യോഗത്തിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുക

യായിരുന്നു അദ്ദേഹം. ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മില്ലുള്ള പരസ്പര വിശ്വാസം വളർന്നു വരുന്നതിന്റെ ഉദാഹരണമാണ് വ്യാപാര ത്തിലും സാങ്കേതിക വിദ്യയിലും സഹകരണം ശക്തിപ്പെടുന്നതെന്നും ജയശങ്കർ വ്യക്തമാക്കി.

## CABINET

സെമികണ്ടക്ടർ രൂപകൽപ്പനയും നിർമ്മാണവും ശക്തമാക്കുന്നതിനായി 1,27,500 കോടി രൂപയുടെ 'സെമികോൺ 2.0' പദ്ധതിക്കും, മൊബൈൽ ഫോൺ നിർമ്മാണത്തിനായി 62,500 കോടി രൂപയുടെ പദ്ധതിക്കും കേന്ദ്ര മന്ത്രിസഭായോഗം അംഗീകാരം നൽകി. 5 വർഷ കാലാവധിയുള്ള മൊബൈൽ പദ്ധതിയിലൂടെ 60,000 നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.

## V D SATHEESAN

കേരളത്തിൻറെ വരുമാനം ഉയർത്താൻ സാമ്പത്തിക പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. കേരള സമഗ്ര മിഷൻ കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്ത് റോഡിലൂടെയുള്ള ചരക്ക് ഗതാഗതം കടൽ മാർഗ്ഗമാക്കി യാൽ ചിലവ് നാലിലൊന്നായി കുറയ്ക്കാൻ സാധിക്കുമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.

## IRCTC WEBSITE

ട്രെയിൻ ടിക്കറ്റ് ബുക്കിംഗ് ലളിതവും ഉപയോക്തൃ സൗഹൃദവുമാക്കുന്ന തിനായി IRCTC വെബ്സൈറ്റിന്റെ പുതിയ ബീറ്റാ പതിപ്പ് റെയിൽവേ മന്ത്രാലയം പുറത്തിറക്കി. അനാവശ്യമായ ക്യാപ്ചകൾ, പോപ്പ്-അപ്പുകൾ, ഗ്രാഫിക്സ് തുടങ്ങിയവ ഒഴിവാക്കുകയും ടിക്കറ്റ് ബുക്കിങ് ഘട്ടങ്ങളുടെ എണ്ണം കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള വെബ്സൈറ്റിന്റെ ഹോം പേജിൽ ബീറ്റാ പതിപ്പിലേക്കുള്ള ലിങ്ക് ലഭ്യമാണ്. ഉപയോക്താക്കൾക്ക് പുതിയ വെബ്സൈറ്റ് സംബന്ധിച്ച് പരാതികളോ നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ അറിയിക്കാൻ മന്ത്രാലയം അഭ്യർത്ഥിച്ചു.

## RED FORT

സ്വാതന്ത്ര്യദിനാഘോഷത്തിന് മുന്നോടിയായി ഓഗസ്റ്റ് 15 വരെ ഡൽഹി യിലെ ചുവപ്പ് കോട്ടയിൽ പൊതുജനങ്ങൾക്ക് പ്രവേശനം നിരോധിച്ചു. സ്വാതന്ത്ര്യദിനാഘോഷത്തിനുള്ള ഒരുക്കങ്ങൾ നടക്കുന്നതിനാലാണ് നിരോധനം എന്ന് ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ ഉത്തരവിൽ അറിയിച്ചു.

## FIFA WORLD CUP (INTRO)

ഇംഗ്ലണ്ടിനെ പരാജയപ്പെടുത്തി അർജന്റീന ലോകകപ്പ് ഫുട്ബോൾ ഫൈനലിൽ. അമേരിക്കയിലെ അറ്റ്ലാന്റ സ്റ്റേഡിയത്തിൽ നടന്ന രണ്ടാം സെമിഫൈനലിൽ 2-1 നാണ് അർജന്റീനയുടെ മുന്നേറ്റം. ഞായറാഴ്ച അർധരാത്രി 12.30 നു നടക്കുന്ന ഫൈനലിൽ അർജന്റീന സ്പെയിനിനെ നേരിടും.

ആകാശവാണിക്ക് വേണ്ടി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്.... (വോയിസ്....)

## BOXING

ജക്കാർത്തയിൽ നടന്ന ഏഷ്യൻ അണ്ടർ-19, അണ്ടർ-23 ബോക്സിംഗ് ചാമ്പ്യൻഷിപ്പുകളിൽ മൂന്ന് ഇന്ത്യൻ വനിതകൾക്ക് സ്വർണ്ണം. പത്തുപേർ വെള്ളി മെഡലും നേടി. അണ്ടർ-19 ലെ, 51 കിലോഗ്രാം വിഭാഗത്തിൽ ചന്ദ്രിക പൂജാരിയും 57 കിലോഗ്രാം വിഭാഗത്തിൽ പ്രാചിയും സ്വർണ്ണം നേടി. അണ്ടർ-23 ലെ , 54 കിലോഗ്രാം വിഭാഗത്തിൽ നിശയ്ക്കാണ് സ്വർണ്ണം.

## CRICKET

മൂന്ന് മത്സരങ്ങളുള്ള ഇന്ത്യ - ഇംഗ്ലണ്ട് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് വൈകുന്നേരം 5:30 ന് വെയ്ൽസിൽ നടക്കും. ആദ്യ മത്സരത്തിൽ ഇന്ത്യ വിജയിച്ചിരുന്നു.

## US-IRAN- STRIKES

പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമായി തുടരുന്നു. ഇറാനെതിരെ ആക്രമണങ്ങൾ ശക്തമാക്കിയതായി യുഎസ് സൈന്യം അറിയിച്ചു. അമേരിക്കൻ വ്യോമാക്രമണങ്ങളിൽ നിരവധിപേർ കൊല്ലപ്പെട്ടതായി ഇറാൻ സ്ഥിരീകരിച്ചു. ഹോർമുസ് കടലിടുക്കിലെ കപ്പലുകൾക്ക് നേരെയുള്ള ആക്രമണത്തെത്തുടർന്ന് കഴിഞ്ഞദിവസം ഇറാന് മേൽ യുഎസ് നാവിക ഉപരോധവും ഏർപ്പെടുത്തിയിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## PARIYATHKAVU LAND (INTRO)

എറണാകുളം, പര്യത്തുകാവ് ഭൂമി തർക്കത്തിന് ശാശ്വത പരിഹാരം. ഉന്നതിയിലെ ഏഴു കുടുംബങ്ങൾക്ക് നിർമിച്ചു നൽകുന്ന വീടുകളുടെ ശിലാസ്ഥാപനം ഇന്ന്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി പി.നഹീമ.

(വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁❁❁

## K MURALEEDHARAN

തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ക്രമക്കേടിൽ അന്വേഷണം ആവശ്യപ്പെട്ട് ആരോഗ്യമന്ത്രി കെ.മുരളീധരൻ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയ്ക്ക് കത്ത് നൽകി. 2021ലെ ഓഡിറ്റ് റിപ്പോർട്ടിൽ 46 ലക്ഷത്തിന്റെ ക്രമക്കേടാണ് കണ്ടെത്തിയത്.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## SABARIMALA

കർക്കടക മാസ പൂജകൾക്കായി ശബരിമല ക്ഷേത്രനട ഇന്ന് വൈകിട്ട് 5ന് തുറക്കും. നാളെ മുതൽ ഈ മാസം 21 വരെയാണ് മാസപൂജ നടക്കുക. രാമായണ മാസാചരണം പ്രമാണിച്ച് തിരക്ക് വർദ്ധിക്കാൻ സാധ്യതയുള്ളതിനാൽ നിലയ്ക്കൽ പമ്പ ചെയിൻ സർവീസിനായി മാത്രം 55 കെ.എസ്.ആർ.ടി.സി ബസുകൾ സർവീസ് നടത്തും.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## IMD-WEATHER

അരുണാചൽ പ്രദേശ്, പശ്ചിമ ബംഗാൾ, ഒഡീഷ എന്നിവിടങ്ങളിൽ ഒറ്റപ്പെട്ട അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ച് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വടക്ക്-കിഴക്കൻ മേഖലയിലും ഇന്ന് കനത്ത മഴയ്ക്ക് സാധ്യതയുണ്ട്. അതേസമയം ആന്ധ്രാപ്രദേശ്, തമിഴ്നാട്, പുതുച്ചേരി, എന്നിവിടങ്ങളിൽ ഇന്ന് ഉഷ്ണതരംഗ മുന്നറിയിപ്പുമുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## PURI RATH YATRA

ഒഡീഷയിലെ പുരിയിൽ, ലോകപ്രശസ്തമായ രഥയാത്ര ഇന്ന് നടക്കും. പുരി ക്ഷേത്രത്തിൽ നിന്ന് ആരംഭിച്ച് ഏകദേശം 3 കിലോമീറ്റർ ദൂരം പിന്നിട്ട് ശ്രീ ഗുണ്ടിച ക്ഷേത്രത്തിൽ യാത്ര സമാപിക്കും. ഒൻപത് ദിവസത്തിന് ശേഷം മടക്കയാത്ര ആരംഭിക്കും. രഥോത്സവത്തിൽ വൻ ജനപങ്കാളിത്തം പ്രതീക്ഷിക്കുന്നതിനാൽ വിപുലമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## GOVERNOR

അനുസന്ധൻ നാഷണൽ റിസർച്ച് ഫൗണ്ടേഷനും അമേരിക്കൻ കെമിക്കൽ സൊസൈറ്റിയും തിരുവനന്തപുരം റിസർച്ച് ആൻറ് ഇന്നവേഷൻ ക്ലസ്റ്ററും സംയുക്തമായി സംഘടിപ്പിക്കുന്ന T-RIC X impact research conclave ഇന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലാണ് പരിപാടി.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## KANIPPANTHAL

കുട്ടികളിൽ പോഷകസുരക്ഷ ഉറപ്പാക്കുന്നതിനും വിദ്യാലയങ്ങളിൽ ഫലവൃക്ഷ സംസ്കാരം വളർത്തുന്നതിനുമായി നടപ്പാക്കുന്ന 'കനിപ്പന്തൽ - ഇനി

വിദ്യാലയങ്ങളിലും' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ടി സിദ്ദിഖ് നാളെ കൽപ്പറ്റയിൽ നിർവഹിക്കും. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 2,921 തെരഞ്ഞെടുത്ത വിദ്യാലയങ്ങളിലായി പഴവർഗ്ഗ പോഷകത്തോട്ടങ്ങൾ സ്ഥാപിക്കും.